LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടറ മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

290(2327) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്ന് അറിയിക്കാമോ?

കൊണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (എ)* -യിൽ ചേർത്തിരിക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവ തരംതിരിച്ച് വിശദമാക്കാമോ?

വിശദാംശം അനുബന്ധം (ബി)* -യിൽ ചേർത്തിരിക്കുന്നു.

കേരള ഫിഷറീസ് സർവ്വകലാശാല ഡീൻ തസ്തിക

291(2328) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാല ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് അനുബന്ധ ചട്ടങ്ങൾ നിലവിലുണ്ടോ; ചട്ടങ്ങൾ ലംഘിച്ച് പ്രസ്തുത തസ്തികയിൽ വൈസ് ചാൻസലറുടെ ഭാര്യയെ നിയമിച്ചിരുന്നോ?

ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാലയിൽ ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ഇന്റർവ്യൂവിൽ വൈസ് ചാൻസലർ പങ്കെടുത്തുവോയെന്നും ആരാണ് അദ്ധ്യക്ഷത വഹിച്ചതെന്നും അറിയിക്കുമോ; സർവ്വകലാശാല ചട്ടമനുസരിച്ച് ഫിഷറീസ് വൈസ് ചാൻസലർ അല്ലാതെ മറ്റൊരാൾ കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ചത് നിയമാനുസൃതമാണോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.